"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം - ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.340/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/02/2021

പരാമർശം:- 1 10.01.2021-ലെ സ.ഉ.(സാധാ)നം.63/2021/തസ്വഭവ

2 11.01.2021-ലെ സ.ഉ.(കൈ) നം.4/2021/തസ്വഭവ

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

പ്രാദേശിക സർക്കാരുകളുടെ 2020-21 വാർഷിക പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം നടപ്പ് വർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായി പൂർത്തിയാക്കേണ്ടതുണ്ട്. അതോടൊപ്പം ഫെബ്രുവരി അവസാനത്തോടെ 2021-22 വർഷത്തെ പദ്ധതി രൂപീകരണവും അംഗീകാര നടപടികളും പൂർത്തിയാക്കണമെന്ന് പരാമർശം (2) പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവ സയബന്ധിതമായി ചിട്ടയോടെ പൂർത്തിയാക്കുന്നതിന് ജില്ലാതലത്തിൽ അവലോകനം ചെയ്യാൻ ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായി ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ്, (ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ടൗൺ പ്ലാനർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യം) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

2. പ്രസ്തുത കമ്മിറ്റി എല്ലാ ആഴ്ചയിലും യോഗം ചേർന്ന് അവലോകനം നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ എന്നിവർക്കു നൽകേണ്ടതുമാണ്. ഒപ്പം തന്നെ സംസ്ഥാനതലത്തിൽ വകുപ്പ മേധാവികൾ എല്ലാ ആഴ്ചയിലും ഇതു അവലോകനം ചെയ്യണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ വകുപ്പ മേധാവികളും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമ വികസന കമ്മീഷണർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിക്സ് വകുപ്പ്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യം)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്